MAHARAJA'S COLLEGE—MENIAL SERVANTS

146. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവ മെന്റ് സദയം മറുപടി പറയുമോ.—

(എ) മഹാരാജാസ് കോളേജിലെ കീഴ്ജീവനക്കാരുടെ (menial servants) ശമ്പള ത്തോതു് എന്താണു്; എല്ലാവക്കും ഒരു ഗ്രേഡാണോ ഉള്ളതു്;

(ബി) എല്ലാവക്കും ഒരു ഗ്രേഡല്ലെങ്കിൽ ഓരോ ഗ്രേഡിലും ഉള്ള ആളുകൾ എത്ര; ഇവരുടെ ഓരോരുത്തരുടേയും continuous service എത്ര;

(സി) അവരുടെ ജോലിസമയം എപ്പോൾ മുതൽ എപ്പോൾവരേയാണു്;

(ഡി) കോളേജിലെ അനദ്ധ്യാഗസ്ഥ ഉപദേശകസമിതി ഈ കീഴ്ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതിന്നായി ശുപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപ്രാവശ്യം; എന്നെല്ലാം;

(ഇ) ഈ ശുപാർശയെ ഗവമെന്റ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു കാരണം എന്തു്?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ :

(എ) ൧൦ക. മുതൽ ൧൫ക. വരെ. അല്ല.

(ബി) ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix II).*

(സി) രാവിലെ ൯ മണിമുതൽ വൈകുന്നേരം ൫ മണിവരെ.

(ഡി) ഉണ്ടു്. ൧൯൪൫-ൽ ഒരുപ്രാവശ്യം ശുപാർശചെയ്തിട്ടുണ്ടു്.

(ഇ) ഇല്ല. മറ്റു സ്ഥാപനങ്ങളിലേയും ആപ്പീസുകളിലേയും കീഴ്ജീവനക്കാക്കു് അതുമൂലം ആക്ഷേപത്തിനു വഴിയുണ്ടാകുമെന്നുള്ളതുകൊണ്ടു് കോളേജിലെ മാത്രം കീഴ്ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ട ആവശ്യമുണ്ടെന്നു ഗവമെന്റു വിചാരിച്ചിട്ടില്ല. പൊതുവേയുള്ള ശമ്പളപരിഷ്കരണത്തിന്റെ കൂട്ടത്തിൽ ഈ കാര്യവും ആലോചിക്കപ്പെടുന്നതാണു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : കോളേജിലെ കീഴ്ജീവനക്കാക്കു് കൂടുതൽ ശമ്പളം കൊടുക്കണമെന്നു് കോളേജധികൃതന്മാർ ഗവമെന്റിലേക്കു് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ഇല്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ് : മറ്റുള്ള കീഴ്ജീവനക്കാക്കു് കൂടുതൽ കൊടുക്കുന്നില്ലായെന്നു് വിചാരിച്ചു് ഇവക്കു കൂടുതൽ ശമ്പളം കൊടുക്കുവാൻ വിരോധമുണ്ടോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : അതു ഏകദേശം ഒരു ഐകരൂപ്യം വേണമെന്നാണു് ഗവമെന്റു വിചാരിച്ചിരിക്കുന്നതു്.

NARAKKAL CO-OPERATIVE SOCIETY—FINANCIAL AID

147. Mr. V. R. Krishnan Ezhuthassan *(Oorakam):* Will Government be pleased to state.—

(*a*) whether they have considered and taken final decision upon the request of the Narakkal Co-operative Society for financial aid (wide answer to question No. 144 answered on 27th Novemer 1945)?

Mr. K. Balakrishna Menon *(Minister for Development):*

(*a*) The question is still under consideration.

I may just explain the position. I may inform the Hon'ble member that there was something wrong in the working of the society and the idea at some time was to liquidate the society, but that idea has been subsequently dropped. The idea is to reorganise the society by giving them loans which will be done next year.

LABOUR EXCHANGE OFFICE

148. Mr. V. R. Krishnan Ezhuthassan *(Oorakam):* Will Government be pleased to state.—

(*a*) what are the functions of the Labour Exchange Office set up in the State;

(*b*) how many persons have been provided with work by the Exchange since its establishment?

LIBRARY ARCHIVES Kerala Legislative Assembly